# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5574      18/11/2019-ൽ മറുപടിക്ക്

## കരൾമാറ്റ ശസ്ത്രക്രിയ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് കരൾ രോഗം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരൾ രോഗം വർദ്ധിക്കുന്നതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെക്കുറിച്ചുള്ള പഠനങ്ങൾ നടന്നു വരുന്നു. |
| ബി) | ഗുരുതരമായ കരൾ രോഗം ബാധിച്ച് ഒരു വർഷം ശരാശരി എത്ര പേരാണ് കരൾ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നത് എന്നറിയിക്കാമോ; | ബി) | ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു വർഷം ശരാശരി 25 പേർ കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നുണ്ട്. |
| സി) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലൊന്നും കരൾ മാറ്റ ശസ്ത്രക്രിയക്കുള്ള സൗകര്യം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി ആവശ്യമുള്ള തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | ഡി) & ഇ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനായി മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിനു കീഴിൽ ഹെപ്പറ്റോളജി യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജിയും ഇരട്ട ഓപ്പറേഷൻ തീയേറ്ററും, പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു അടക്കമുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. |
| ഇ) | പ്രസ്തുത മെഡിക്കൽ കോളേജിൽ കരൾ മാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടി വേഗത്തിലാക്കാമോ? | | |

സെക്ഷൻ ഓഫീസർ